ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

DATE: 08.12.2025 TIME: 06.30 PM

### പ്രധാന വാർത്തകൾ

1. ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ തുടരുന്നു. വന്ദേമാതരം രാജ്യത്തിന് മുഴുവൻ ശക്തിയും പ്രചോദനവും നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി
2. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ട വോട്ടെടുപ്പിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകൾ നാളെ വിധി എഴുതും.
3. തദ്ദേശ തിരഞ്ഞെടുപ്പിൽ സുതാര്യത ഉറപ്പാക്കാൻ സമ്മതിദായകർ പൂർണമായും സഹകരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
4. നടിയെ ആക്രമിച്ച കേസിൽ ആദ്യ ആറ് പ്രതികൾ കുറ്റക്കാരെന്ന് എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി. ശിക്ഷ വിധി ഈ മാസം 12 ന്. നടൻ ദിലീപ് കുറ്റവിമുക്തനെന്നും കോടതി.
5. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി 99.95 ശതമാനം വോട്ടർമാർക്ക് എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ.
6. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വൻറി 20 ക്രിക്കറ്റ് പരമ്പര നാളെ കട്ടക്കിൽ ആരംഭിക്കും

❁❁❁❁❁❁❁❁❁❁❁❁❁❁❁

**വന്ദേമാതരം-എൽ എസ്**

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ തുടരുന്നു. വന്ദേമാതരം രാജ്യത്തിന് മുഴുവൻ ശക്തിയും പ്രചോദനവും നൽകുകയും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ഊർജ്ജം പകരുകയും ചെയ്തതായി ചർച്ചയ്ക്ക് തുടക്കമിട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ന് വന്ദേമാതരത്തെ സ്മരിക്കുന്നത് സഭാംഗങ്ങൾക്കും രാജ്യത്തെ പൗരൻമാർക്കും അഭിമാനമാണെന്നും, വന്ദേമാതരത്തിൻറെ 150 വർഷങ്ങൾ ആ മഹത്തായ അധ്യായവും മഹത്വവും പുനഃസ്ഥാപിക്കാനുള്ള അവസരമാണെന്നും ശ്രീ മോദി പറഞ്ഞു.

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ ചർച്ച സഭ ഏറ്റെടുക്കുകയാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. വന്ദേമാതരം രാജ്യത്തെ ജനങ്ങളിലെ ഐക്യം ഊട്ടി ഉറപ്പിക്കാൻ സഹായിച്ചെന്നും വർഗ്ഗീയ രാഷ്ട്രീയം തിരസ്കരിക്കാനുള്ള പ്രചോദനമായിരുന്നെന്നും ചർച്ചയിൽ പങ്കെടുത്ത സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് പറഞ്ഞു.
ബങ്കിം ചന്ദ്ര ചാറ്റർജിയെപോലെ ബംഗാളിൽ നിന്നുള്ള നിരവധി കവികളും എഴുത്തുകാരും സ്വാതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയിട്ടുണ്ടെന്ന് കോൺഗ്രസ്സ് എം പി ഗൗരവ് ഗൊഗോയ് അഭിപ്രായപ്പെട്ടു. അതേസമയം, തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ നാളെ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ആരോഗ്യ സുരക്ഷ ദേശീയ സുരക്ഷാ സെസ് ബിൽ**

ആരോഗ്യ സുരക്ഷ - ദേശീയ സുരക്ഷാ സെസ് ബിൽ', 2025 രാജ്യസഭ ഇന്ന് പരിഗണിച്ചു. പാൻ മസാല പോലുള്ള ഉൽപ്പന്നങ്ങളുടെയും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത സമാന ഉൽപ്പന്നങ്ങളുടെയും മേൽ സെസ് ചുമത്താനും അതിൽ നിന്നുള്ള വരുമാനം പൊതുജനാരോഗ്യത്തിനും ദേശീയ സുരക്ഷയ്ക്കുമായി ചെലവഴിക്കാനും ഉദ്ദേശിച്ചുള്ളതാണ് ബിൽ. ബിൽ നേരത്തെ ലോക്സഭ പാസാക്കിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ആദ്യ ഘട്ട വോട്ടെടുപ്പ് (ഇൻട്രോ)**

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ട വോട്ടെടുപ്പിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁❁❁

**തിരിച്ചറിയൽ രേഖ**

തദ്ദേശ തിരഞ്ഞെടുപ്പിൽ സുതാര്യത ഉറപ്പാക്കാൻ സമ്മതിദായകർ പൂർണമായും സഹകരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. സമ്മതിദായകർ തിരിച്ചറിയൽ രേഖകൾ കയ്യിൽ കരുതണം. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ തിരിച്ചറിയൽ കാർഡ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം തിരിച്ചറിയൽ രേഖയായി ഹാജരാക്കാമെന്ന് കമ്മീഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ഇടുക്കി ജില്ലാകളക്ടർ(INTRO)**

നാളെ നടക്കുന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന് ഇടുക്കി ജില്ല പൂർണ്ണ സജ്ജമാണെന്ന് ജില്ലാകളക്ടർ ദിനേശൻ ചെറുവാട്ട് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്..........)

❁❁❁❁❁❁❁❁❁❁❁❁❁❁❁

**പത്തനംതിട്ട**

പത്തനംതിട്ട ജില്ലയിൽ ഗവി, ആവണിപാറ തുടങ്ങിയ തമിഴ് വംശജരും ആദിവാസികളും ഏറെയുള്ള ബൂത്തുകളിൽ ഉൾപ്പെടെ ജില്ലയിലെ എല്ലാ

ബൂത്തുകളിലും തെരഞ്ഞെടുപ്പിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും പോളിംഗ് സാമഗ്രികളുമായി ഉച്ചയോടെതന്നെ എത്തി. ഗവിയിലെ മൂന്നാം നമ്പർ നിയോജകമണ്ഡലവും മലയാലപ്പുഴയിലെ പുതുക്കുളം,തോട്ടം എന്നീ നിയോജകമണ്ഡലങ്ങളിലായി ബാലറ്റ് പേപ്പറിൽ മലയാളത്തിനൊപ്പം തമിഴ് ഭാഷയിലും വിവരങ്ങൾ പ്രിൻ്റ് ചെയ്തിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**.വയനാട് ജില്ല-ഗോത്രമേഖല (INTRO**

വയനാട് ജില്ലയിലെ നഗരപ്രദേശങ്ങളും ഗ്രാമീണ മേഖലയും തിരഞ്ഞെടുപ്പിന് സജ്ജമായത് പോല ഗോത്രമേഖലയും തദ്ദേശ തിരഞ്ഞെടുപ്പിനായി സജ്ജമായിരിക്കുകയാണ്.

**വിശദാംശങ്ങളുമായി വയനാട് ജില്ലാപ്രതിനിധി അരുൺ വിൻസെന്റ്.......**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ്-അവധി**

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് സാധാരണ സേവന ആവശ്യകതകൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും. അതേസമയം തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ സർക്കാർ - അർദ്ധ സർക്കാർ/ സ്വകാര്യ, വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും സ്കൂളുകൾക്കും നാളെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**സന്ദർശകർക്ക് പ്രവേശനമില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ നാളെ തിരുവനന്തപുരം മൃഗശാലയിലും മ്യൂസിയങ്ങളിലും സന്ദർശകർക്ക് പ്രവേശനമില്ലെന്ന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ദിലീപ് കേസ്**

നടിയെ ആക്രമിച്ച കേസിൽ ആദ്യ ആറ് പ്രതികൾ കുറ്റക്കാരെന്ന് എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി കണ്ടെത്തി. ബലാത്സംഗം, ഗൂഢാലോചന, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരെയുള്ളത്. ഈ മാസം 12 ന് ശിക്ഷ വിധിക്കും. കേസിൽ നടൻ ദിലീപിനെ കോടതി കുറ്റവിമുക്തനാക്കി. എട്ട് വർഷത്തെ വിചാരണയ്ക്ക് ശേഷമാണ് കോടതിയുടെ വിധി പ്രസ്താവം. കുറ്റക്കാരെന്ന് കോടതി വിധിച്ച പ്രതികളുടെ ജാമ്യം റദ്ദാക്കിയിട്ടുണ്ട്. ഒന്നാം പ്രതി സുനിൽ എൻ.എസ് എന്ന പൾസർ സുനി, ഉൾപ്പടെയുള്ളവരെയാണ് കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയത്. ഏഴ് മുതൽ പത്ത് വരെ പ്രതികളെ കോടതി വെറുതെവിട്ടു. 2017 ഫെബ്രുവരി 17-നാണ് കേസിനാസ്പദമായ സംഭവം. സിനിമാ ചിത്രീകരണത്തിനിടെ തൃശ്ശൂരിൽനിന്ന് എറണാകുളത്തേക്കുള്ള യാത്രയിൽ നടിയെ ക്വട്ടേഷൻ സംഘം തട്ടിക്കൊണ്ടുപോയി അപകീർത്തികരമായ ദൃശ്യം പകർത്തിയെന്നാണ് കേസ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**എസ്ഐആർ**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി രാജ്യത്താകെ 50 കോടി 95 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്യതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ 99.95 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. 50 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്യതായും കമ്മിഷൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ - ഇൻട്രോ)**

അഡ്മിറൽ കപ്പിനായുള്ള പതിനാലാമത് പായ് വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കാനായി വിവിധ രാജ്യങ്ങളിൽ നിന്നുള്ള നാവിക സേനാംഗങ്ങൾ ഏഴിമല നാവിക അക്കാദമിൽ എത്തി . ഈ മാസം 13 വരെ ആണ് മത്സരം.

**കൂടുതൽ വിവരങ്ങളുമായി വകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഓ ശശിധരൻ,,**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ട്വൻറി 20 ക്രിക്കറ്റ്**

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വൻറി 20 ക്രിക്കറ്റ് പരമ്പര നാളെ ആരംഭിക്കും. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ വൈകുന്നേരം ഏഴിനാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല സ്വർണ്ണക്കൊള്ള**

ശബരിമല സ്വർണ കൊള്ള കേസിൽ ദേവസ്വം മുൻ കമ്മീഷണർ എൻ. വാസുവിൻ്റെ റിമാൻഡ് കാലാവധി കൊല്ലം വിജിലൻസ് കോടതി ഈ മാസം 22 വരെ നീട്ടി. കട്ടിളപ്പാളി കേസിൽ പത്മകുമാറിൻ്റെയും, സുധീഷ് കുമാറിൻ്റെയും ജാമ്യഹർജിയിൽ വാദം പൂർത്തിയായി. പത്മകുമാറിൻ്റെ ജാമ്യഹർജിയിൽ ഈ മാസം 12 നും സുധീഷിൻ്റേതിൽ 15നും വിധിപറയും. വാസുവിൻ്റെ ജാമ്യഹർജി ഈ മാസം 15ന് ഹൈക്കോടതി പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**കോഴിക്കോട് - ചട്ടലംഘനം**

കോഴിക്കോട് കോർപ്പറേഷൻ പ്രോഗ്രസ് റിപ്പോർട്ട് വിതരണം ചെയ്ത സംഭവത്തിൽ ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടതായും ഇത് നിർത്തിവെയ്ക്കാൻ നിർദേശം നൽകിയതായും കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ് അറിയിച്ചു. ഇതു സംബന്ധിച്ച് കോർപ്പറേഷൻ അധികൃതരോട് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടതായും റിപ്പോർട്ട് ലഭിച്ചാൽ ഉടൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് നൽകുമെന്ന് കളക്ടർ മാധ്യമങ്ങളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 610 പോയിൻറ് നഷ്ടത്തിൽ 85,103ലും നിഫ്റ്റി 226 പോയിൻറ് നഷ്ടത്തിൽ 25,961ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഉയർന്നു. പവന് 200 രൂപ കൂടി 95,640 രൂപയും ഗ്രാമിന് 11,955 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁